LIBRARY ARCHIVES Kerala Legislative Assembly

ഭാരതപ്പുഴയുടെ സംരക്ഷണം

170(476) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിന് നദീജലസംരക്ഷണ പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലവർഷം ശക്തിപ്പെടുന്നവേളയിൽ ഭാരതപ്പുഴ കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കം ഉണ്ടാകുന്നത് തടയുവാനായി പുഴയിൽ അടിഞ്ഞുകൂടിയ മണലും മണൽത്തിട്ടകളും നീക്കം ചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ/ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകത്തിലും മറ്റ് സ്കീമുകളിലും അനുവദിച്ച ഫണ്ടുപയോഗിച്ച് ആവശ്യകതയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയംമൂലം ഭാരതപ്പുഴയിലെ വിവിധ നിർമ്മിതികളായ ചെറുതുരുത്തി ചെക്ക് ഡാം, ചെങ്ങണാംകുന്ന് റെഗുലേറ്റർ, വെള്ളിയാങ്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ സമീപം അവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുംവിധം അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്ത് നദിയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിൽ നീരൊഴുക്കിന് തടസ്സമുണ്ടായിരുന്ന തവനൂർ ബ്രഹ്മ ക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനും ഇടയിലുള്ള പ്രദേശത്തെ ചെളിയും പാഴ് വസ്തുക്കളും നീക്കം ചെയ്തിരുന്നു. കുറ്റിക്കാട് കടവിന് സമീപവും തിരുനാവായ, നിള പാർക്ക്, കുറ്റിപ്പുറം, പാഴൂർ, ചെമ്പിക്കൽ എന്നീ പ്രദേശങ്ങളിലും ഭാരതപ്പുഴയുടെ മദ്ധ്യഭാഗത്തായി പുഴയുടെ ഒഴുക്കിന് തടസ്സമാകുന്ന നിലയിൽ മണൽത്തിട്ട രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

കനോലി കനാൽ

171(477) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കനോലി കനാൽ വീതി കൂട്ടുന്നത് സംബന്ധിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലഗതാഗതത്തിന് ഉപയുക്തമാകുംവിധം നവീകരിക്കുന്നതിന് നിലവിലുള്ള നിരവധി പാലങ്ങൾ ഉയർത്തേണ്ടതും നഗരത്തിൽ നിന്നുമുള്ള മലിനജലം കനാലിൽ എത്തുന്നത് തടയുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതുമുണ്ട്. നിലവിലെ കനാൽ ചില ഭാഗങ്ങളിൽ 14.00 മീറ്ററെങ്കിലും വീതിയിൽ പുനർനിർമ്മിക്കേണ്ടതും അതിനനുസൃതമായി കനാൽ പാർശ്വങ്ങളിലെ റോഡുകളും പാലങ്ങളും പുനഃക്രമീകരിക്കേണ്ടിയും വരും. ഇതിനാവശ്യമായ സാങ്കേതിക കാര്യങ്ങൾ വിശകലനം ചെയ്ത് വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ കനാൽ വീതി കൂട്ടുന്നതിനാവശ്യമായ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളൂ.

ഹരിത കേരളം പദ്ധതി

172(478) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി നീർച്ചാലുകളുടെ വീണ്ടെടുപ്പിനായി നടപ്പിലാക്കിയ "ഇനി ഞാനൊഴുകട്ടെ" ക്യാമ്പയിന്റെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൂങ്ങോട്ടുകുളം നവീകരണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിലെ 10-ാം വാർഡിലെ പൂങ്ങോട്ടുകുളം നവീകരണത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 51.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ 40% പൂർത്തിയായിട്ടുണ്ട്. കാലവർഷം കഴിഞ്ഞ് കുളത്തിലെ വെള്ളം താഴ്ന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.